സ്വന്തം സംസ്ഥാനത്തിനുള്ളിൽ ഓപ്പറേറ്റ് ചെയ്യുന്ന റൂട്ടുകളിൽ ഭേദഗതി ചെയ്യാൻ വ്യവസ്ഥയുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) അന്തർസംസ്ഥാന കരാർ പുനഃപരിശോധിക്കേണ്ടത് ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് തൊട്ടു മുൻപെ തമിഴ്നാട് ബസ്സുകൾ സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെടു മ്പോഴൊക്കെ കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ സമയം കൂടുതൽ വരു മാനം ലഭിക്കുന്ന തരത്തിൽ ഭേദഗതി ചെയ്യാറുണ്ട്.

മണമ്പൂർ വഴി വർക്കലയിലേയ്ക്ക് ബസ്സ് സർവ്വീസ്

91(1915) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽനിന്നും മണമ്പൂർ-തോപ്പുവിള തമ്പുരാൻനട, ചേന്ദൻകോട് വഴി വർക്കലയിലേക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാട്ടുകാരും പഞ്ചായത്തും എം.എൽ. എ.യും ചേർന്ന് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റൂട്ട് ഇൻസ്പെക്ഷൻ നടത്തുകയും ഉടൻ ഈ സർവ്വീസ് ആരം ഭിക്കുകയും ചെയ്യാമെന്ന് കെ.എസ്.ആർ.ടി.സി. അധികൃതർ ഉറപ്പു നൽകിയി രുന്നുവോ; ഈ റൂട്ടിൽ കൂടി ഒരു സർവ്വീസും നിലവിൽ ഇല്ലാത്തതുകൊണ്ട് സർവ്വീസ് ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഒരു എം.എൽ.എ.യ്ക്ക് ഒരു ബസ്സ് സർവ്വീസ് ആരംഭിക്കാൻ അനുവാദം നൽകാമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇനിയെ ങ്കിലും ഈ സർവ്വീസ് ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റൂട്ടിലെ റോഡ് സർവ്വീസ് ഓപ്പറേഷനു അനുയോ ജ്യമല്ലെന്നു കണ്ടതിനാൽ സർവ്വീസ് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) എം.എൽ.എ. യുടെ ആവശ്യപ്രകാരം ആറ്റിങ്ങൽ, ആലംകോട്, തൊടിക്കല്ല്, നെല്ലിക്കോട്, ചേന്ദൻകോട് വഴി വർക്കലയിലേയ്ക്ക് സർവ്വിസ് ആരംഭിച്ചു. പ്രസ്തുത റൂട്ടിൽ പൈപ്പുലൈൻ പണി നടക്കുന്നതിനാൽ റൂട്ട് മാറ്റിയാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്.

കെ.എസ്.ആർ.ടി.സി.യിൽ പുതിയ ബസ്സുകൾ വാങ്ങുവാൻ നടപടി

92(1916)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യെ നവീകരിക്കാനും ആദായകരമാ ക്കാനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്ത മാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ വാങ്ങാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പുതിയ ബസ്സ് വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നാണ് വായ്പയെടുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം ധനകാര്യ സ്ഥാപനങ്ങളുടെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യെ ആദായകരമാക്കാനുള്ള നടപടികളുടെ ഭാഗമായി ജനത്തിരക്കേറിയ റൂട്ടുകളിലും ദേശസാൽകൃതമേഖലകളിലും കൂടുതൽ ബസ്സ് സർവ്വീസുകൾ ഏർപ്പെടുത്തുന്നതാണ്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വീസുകളെ എ, ബി, സി, ഡി എന്നീ വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. ഇതിൽ വരുമാനം കൂടുതൽ ലഭിക്കുന്ന എ, ബി വിഭാഗത്തിൽപ്പെട്ട സർവ്വീസുകൾ മുടക്കം കൂടാതെ ഓപ്പറേറ്റ് ചെയ്യുന്നതാണ്. ദേശസാൽകൃതമല്ലാത്ത മേഖലകളിലെ വരുമാനം തീരെ കുറവായ സർവ്വീസുകൾ ചിലപ്പോൾ ഓപ്പേറേറ്റ് ചെയ്യാൻ സാധിക്കുന്നില്ല. കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കുമുള്ള ഇൻസെന്റീവ് സ്കീം കൂടുതൽ ആകർഷകമായ രീതിയിൽ പരിഷ്കരിക്കുകയുമുണ്ടായി. ലഭ്യമായ വിഭവങ്ങളുടെ അടിസ്ഥാനത്തിൽ പരമാവധി വരുമാനം നേടിയെടുക്കുന്നതിനാണ് ഊന്നൽ നൽകിയിട്ടുള്ളത്.

(ബി) ഉണ്ട്. ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും 30 കോടിരൂപയും, 'ഹഡ്കോ'യിൽനിന്നും 100 കോടി രൂപയും ലഭ്യമാക്കി. 1500 പുതിയ ബസ്സുകൾ 2000 വർഷം നിരത്തിലിറക്കുന്നതിനും വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി പാലക്കാട് സഹകരണ ബാങ്കിൽനിന്നും അനുവദിച്ച രണ്ടുകോടി 87 ലക്ഷം രൂപ ഉപയോഗിച്ച് 30 ബസ്സുകൾ നിരത്തിലിറക്കി. സർക്കാരിന്റെ ഗാരന്റിയ്ക്ക് വിധേയമായി ഹഡ്കോയിൽനിന്നും 100 കോടി രൂപ അനുവദിച്ചുകഴിഞ്ഞു.

(സി) 'ഹഡ്കോ' ജില്ലാസഹകരണ ബാങ്കുകൾ എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കുന്നു.

(ഡി) ഹഡ്കോയുടെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന സർക്കാരിന്റെ ഉറപ്പിൽ മാത്രമേ ലോൺ തുക അനുവദിക്കുകയുള്ളൂ.

2. ലോൺ തുകയായ 100 കോടി രൂപ നാലു തുല്യ ഗഡുക്കളായിയായിരിക്കും കോർപ്പറേഷനു ലഭ്യമാക്കുക.

3. പലിശനിരക്ക് 13.75% മാണ്. (ഡിമിനിഷിംഗ് രീതി) കൃത്യമായ തിരിച്ചടവ് പലിശ 0.5% ഇളവനുവദിക്കും. അങ്ങനെ ഫലത്തിൽ പതിമൂന്നേകാൽ ശതമാനം പലിശയായിരിക്കും ഈടാക്കുക.

4. 'ഹഡ്കോ'യുടെ ലോൺ ഉപയോഗിച്ച് വാങ്ങുന്ന 1200 ബസ്സുകളും പ്രസ്തുത സ്ഥാപനത്തിനു 'ഹൈപ്പോതിക്കേറ്റ്' ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

5. വായ്പ ഉപയോഗിച്ച് വാങ്ങുന്ന മുഴുവൻ ബസ്സുകൾക്കും പ്രതിദിനം 1000 രൂപ നിരക്കിൽ മുതലും പലിശയുമായി തിരിച്ചടവിന് വേണ്ടി നിക്ഷേപിക്കേണ്ടതാണ്. ദിനംപ്രതി അടയ്ക്കുന്ന തുകയ്ക്ക് ഹ്രസ്വകാല ഡെപ്പോസിറ്റായി പരിഗണിച്ച് പലിശനൽകുന്നതും ഈ തുക മുതലും പലിശയും ഇനത്തിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതുമായിരിക്കും.

ജില്ലാ സഹകരണ ബാങ്കുകളുടെ വ്യവസ്ഥകൾ

1. 13% പലിശനിരക്കിലാണ് വായ്പ അനുവദിക്കുന്നത്.

2. 36 മാസംകൊണ്ട് വായ്പ തുക പലിശ ഉൾപ്പെടെ തിരിച്ചടയ്ക്കണം.

3. അതാതു ജില്ലകളിൽപ്പെടുന്ന ട്രാൻസ്പോർട്ട് ഡിപ്പോകളിലാണ് ഈ വായ്പ ഉപയോഗിച്ചു വാങ്ങുന്ന വണ്ടികൾ സർവ്വീസ് നടത്തേണ്ടത്.

4. വായ്പത്തുക ഉപയോഗിച്ച് വാങ്ങുന്ന വസ്തുക്കളുടെ വരുമാനത്തിൽനിന്നും പ്രതിദിനം 1233 രൂപ ബാങ്കിൽ അടയ്ക്കേണ്ടതുണ്ട്.

ആലുവ-കിഴക്കമ്പലം കരിമുകൾ തൃപ്പൂണിത്തുറ വഴി ബസ്സ് സർവ്വീസ്

93(1917)ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ-കിഴക്കമ്പലം-പള്ളിക്കര-പെരിങ്ങാല-കരിമുകൾ തൃപ്പൂണിത്തുറ വഴി എറണാകുളത്തേക്കുള്ള കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നിർത്തിവച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയിരക്കണക്കിന് തൊഴിലാളികൾ പണിചെയ്യുന്ന വ്യവസായ കേന്ദ്രങ്ങളുള്ള ഈ റൂട്ടിൽ ഒരു ബസ്സ് സർവ്വീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലുവ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഇത്തരത്തിലൊരു സർവ്വീസ് കഴിഞ്ഞ 15 വർഷമായി നിലവിലില്ല.

(ബി) നിരവധി സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുന്ന മേഖലയായതിനാൽ ടി റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത് ലാഭകരമായിരിക്കില്ല. ആയതിനാൽ ബസ്സ് സർവ്വീസ് നടത്താൻ നിർവ്വാഹമില്ല.

94 (1918) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

(ബി) താൽക്കാലിക ഡ്രൈവർമാരെ ഇപ്പോൾ നിയമിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly